"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - മൈനാഗപ്പള്ളി യു.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.11013/2025-ന്മേൽ ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.334/2026/GEDN തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:- 1. മൈനാഗപ്പള്ളി യു.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.11013/2025-ന്മേൽ ബഹു.ഹൈക്കോടതിയുടെ 20.03.205 ലെ വിധിന്യായം

2. ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.06.2025, 13.10.2025 എന്നീ തീയതികളിലെ AEOCHV/154/2024-C നമ്പർ കത്ത്

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 01.07.2025 ലെ എസ്.സി (1)/10665/2025/DGE നമ്പർ കത്ത്

**ഉത്തരവ്**

മൈനാഗപ്പള്ളി യു.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി 11013/2025 കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 20.03.2025ലെ വിധിന്യായപ്രകാരം 02.07.2025 തീയതിയിൽ ഹർജിക്കാരനെ വാദം കേട്ടു.

**2.മാനേജരുടെ വാദം താഴെ പ്രകാരം ആയിരുന്നു :**

മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം 10 ഡിവിഷനുകളും അനുബന്ധം തസ്തികകളും അനുവദിച്ചു തുടർന്നുവരവെ പൊതു വിദ്യാഭ്യാസ ഡയറക്ടർ ജനറലിൻ്റെ കാര്യാലയത്തിലെ സൂപ്പർ ചെക്ക് ആഫീസർ 25-11-2019, 11-02-2020 എന്നീ തീയതികളിൽ മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസിൽ നടത്തിയ

പരിശോധനകളിൽ പൊതുവായി ഹാജരാകാതിരുന്ന 11 കുട്ടികളും ആറാം സാദ്ധ്യായ ദിവസത്തിനുശേഷം റ്റി.സി. നല്കിയ 2 കുട്ടികളെയും വ്യജമെന്നു രേഖപ്പെടുത്തി ഇപ്രകാരം 11+2=13 കുട്ടികളെ റോളിൽ നീക്കി തസ്തികനിർണ്ണയം നടത്താതിതിരിക്കുവാൻ കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ഈ നോട്ടീസിനു നല്കിയ മറുപടിയുടെ അടിസ്ഥാനത്തിലും 31-03-2021 തീയതി ഹിയറിംഗ് വേളയിൽ സമർപ്പിച്ച സത്യാവസ്ഥയും പരിശോധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 2 ദിവസത്തെ പരിശോധനയിലും ഹാജരാകാതിരുന്ന 11 കുട്ടികളെ തസ്തിക നിർണ്ണയത്തിനു കണക്കാക്കിയത് ശരിയാണെന്നു കണ്ടെത്തിയതിനാൽ ഇതു സംബന്ധിച്ച തടസവാദം ഒഴിവാക്കി ചേർത്തിരിക്കുന്ന ഉത്തരവിൽ സ്റ്റാൻഡേർഡ് V ൽ നിന്നും റ്റി.സി. വാങ്ങിപോയ എസ്.ഫാത്തിമ അഡ്മിഷൻ നമ്പർ 7022 നെയും സ്റ്റാൻഡേർഡ് VII ലെ കെ.ജി.സാന്ദ്ര അഡമിഷൻ നമ്പർ 6870 എന്നീ വിദ്യാർത്ഥികളെ തസ്തിക നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിരുന്നു. കൂടാതെ ക്ലാസ് അദ്ധ്യാപികയുടെയും പ്രഥമാദ്ധ്യാപകൻ്റെയും മാനേജരുടെയും ഡിക്ലറേഷൻ്റെ അടിസ്ഥാനത്തിൽ ആറാം പ്രവർത്തി ദിവസത്തിൽ റോളിൽ ഉണ്ടായിരുന്നതും പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിലെ സൂപ്പർചെക്ക് സെൽ പരിശോധനയുടെ രണ്ടു ദിവസവും ഹാജരുണ്ടായിരുന്നതുമായ അഡ്മിഷൻ നമ്പർ 7053 ഐഷാ.ഐ എന്ന കുട്ടിയേയും അഡ്മിഷൻ നമ്പർ 7054 സുഹൈൻ.എസ് എന്നീ കുട്ടിയേയും കണക്കാക്കാതെയും തസ്തിക നിർണ്ണയിച്ച് സ്റ്റാൻഡേർഡ് V ഉം VII 20 ഉണ്ടായിരുന്ന ഒരോ ഡിവിഷനുകൾ അബോളിഷ് ചെയ്ത് രണ്ടു യു.പി.എസ്.റ്റി തസ്തിക കുറവു വരുത്തി. ഇപ്രകാരം ഉത്തരവ് ഉണ്ടായതുതന്നെ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ച് 3 വർഷവും 3 മാസത്തിനും ശേഷം തസ്തിക നിർണ്ണയം റിവൈസ് ചെയ്തത് ചട്ടവിരുദ്ധവും നീതികരിക്കുവാൻ കഴിയാത്തതുമാണ്.

<u>എസ്.ഫാത്തിമ, സാന്ദ്ര.കെ.ജി (റ്റി.സി വാങ്ങി പോയവർ) എന്നിവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.</u>

1. എസ്. ഫാത്തിമ ക്ലാസ് V അഡ്മിഷൻ നമ്പർ 7022

എസ്.ഫാത്തിമ എസ്.കെ.വി.യു.പി.എസ്. മൈനാഗപ്പള്ളിയിൽ 2019-20

വർഷം കായങ്കുളം മജലിസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും സ്റ്റാൻഡേർഡ് V ൽ വന്നു ചേർന്ന കുട്ടിയാണ്. എൻ.ആർ.പി.എം.എച്ച്.എസിൽ IV-ാം സ്റ്റാൻഡേർഡ് വരെ ഇല്ല. അതിനാൽ 08.05.2019 ൽ ഒരിക്കലും എൻ.ആർ.പി.എം.എച്ച്.എസിൽ ഈ കുട്ടി ഉണ്ടാവില്ല. 30-10-2019 ന് മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസിൽ നിന്നും റ്റി.സി. യുമായി ഫാത്തിമ എൻ.ആർ.പി.എം.എച്ച്.എസ്.എസിൽ ചേരുകയാണുണ്ടായത്. അതേ സ്കൂളിലെ ഹെഡ്മിസ്ട്രസിന്റെ കത്തും ഫാത്തിമയുടെ പിതാവ് ഇതു സംബന്ധിച്ച് നല്കിയ കത്തും പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ ഹാജരാക്കിയതുമാണ്.

2. സാന്ദ്ര കെ.ജി അഡ്മിഷൻ നമ്പർ 6870

സാന്ദ്ര കെ.ജി സ്റ്റാൻഡേർഡ് 1 മുതൽ IV വരെ കരുനാഗപ്പള്ളി എസ്.എൻ സെൻട്രൽ സ്കൂളിൽ പഠിച്ചിരുന്നു. അവിടെ നിന്നും 31-05-2017 ൽ എസ്.കെ.വി.യു.പി.എസ് മൈനാഗപ്പള്ളിയിൽ സ്റ്റാൻഡേർഡ് V ൽ വന്നു ചേർന്നു. മൈനാഗപ്പള്ളി എസ്.കെ.വി.യു.പിഎസിൽ സ്റ്റാൻഡേർഡ് VII ൽ പഠിച്ചു കൊണ്ടിരിക്കെയാണ് 30-10-2019 ൽ ഒന്നു മുതൽ നാലുവരെ പഠിച്ച സ്കൂളിലേക്ക് തിരികെ പോയത്.

10-11-2009 ലെ സ.ഉ.(സാധാ)നം. മേൽ 4664/09/പൊ.വി.വ. ഉത്തരവിൽ മലപ്പുറം ജില്ലയിൽ പഴേടം എൽ.പി.എസിൽ റ്റി.സി. വാങ്ങിപോയ കുട്ടികളെ കുറച്ച് തസ്തിക നിർണ്ണ ഉത്തരവ് റിവൈസ് ചെയ്തതിനെതിരെ സമർപ്പിച്ച റിവിഷൻ ഹർജി ബഹു. ഹൈക്കോടതിയുടെ 18150/08 റിട്ട് പെറ്റീഷൻ വിധി പ്രകാരം സർക്കാർ ബന്ധപ്പെട്ട കക്ഷികളെ കേട്ട് പുറപ്പെടുവിച്ച ഉത്തരവ് ഭാഗം ചുവടെ ചേർക്കുന്നു.

"കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII റൂൾ 15 പ്രകാരം **Bogus Admission, Attendance, fraud, misrepresentation** എന്നിവയും അതുപോലുള്ള മറ്റു കാര്യങ്ങളും വ്യക്തമാക്കുമ്പോൾ വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്ക് **Academic Year** ന്റെ ഏതു കാലഘട്ടത്തിലും തസ്തിക പുനർനിർണ്ണയം ചെയ്യുവാൻ അധികാരമുണ്ട്. എന്നാൽ തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പൊടുവിച്ചതിനുശേഷം റ്റി.സി വാങ്ങിപോയത് കണക്കാക്കി തസ്തിക പുനർ

നിർണ്ണയിക്കുവാൻ കേരള വിദ്യാഭ്യാസ ചട്ടത്തിൽ നിലവിൽ വ്യവസ്ഥയില്ല. അതിനാൽ ഏകദിന വെരിഫിക്കേഷന് എടുത്ത തസ്തികയുടെ എണ്ണം തന്നെ പരിഗണിക്കേണ്ടതാണ്. അതിനുശേഷം റ്റി.സി. വാങ്ങിപോയതോ റ്റി.സി. വാങ്ങി ചേർന്നതോ ആയ കുട്ടികളുടെ എണ്ണം എടുക്കാറില്ല."

സ്റ്റാൻഡേർഡ് V അഡ്മിഷൻ നമ്പർ 7053, 7054 ഐഷാ.ഐ, സുഹൈൻ.എസ് : ഈ രണ്ടു കുട്ടികൾ കായംകുളം മജിലിസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും വന്ന കുട്ടികളാണ്. സമ്പൂർണ്ണയിൽ ഉൾപ്പെടാത്തതിനാൽ ഇവരെ റോളിലും ഇഫക്റ്റീവിലും കൂട്ടിയിട്ടില്ല. എന്നാൽ ഈ കുട്ടികളെകൂടി സ്റ്റാൻഡേർഡ് V ലെ റോളിലും ഇഫക്റ്റീവിലും ഉൾപ്പെടുത്തുവാൻ ഹെഡ്മാസ്റ്ററും, ക്ലാസ് റ്റീച്ചറും, മാനേജരും ഒപ്പിട്ട ഡിക്ലറേഷൻ സമർപ്പിച്ചിട്ടുണ്ട്. കുട്ടികളും രക്ഷകർത്താക്കളും കായംകുളത്തുനിന്നും പള്ളിശേരിയിലേക്ക് താമസം വന്നവരായിരുന്നു. ഈ രണ്ടു കുട്ടികളെ കൂടി ഉൾപ്പെടുത്തുമ്പോൾ സ്റ്റാൻഡേർഡ് V ലെ റോളും ഇഫക്റ്റീവും 93 ആയി മാറുന്നതാണ്. ക്ലാസ് റ്റീച്ചറും പ്രഥമാദ്ധ്യാപികയും മാനേജരും ഒപ്പിട്ട് ഡിക്ലറേഷൻ സമർപ്പിച്ചാൽ അവരെ തസ്തിക നിർണ്ണയത്തിനായി കണക്കാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 31-03-2021 തീയതി പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നടത്തിയ ഹിയറിംഗിൽ സമർപ്പിച്ച ഹിയറിംഗിൽ നോട്ടിൻ്റെ സത്യാവസ്ഥ അന്വേഷിക്കുന്നതിനായി ഹിയറിംഗ് നോട്ടിന്റെ  പകർപ്പ് ചവറ ഉപ ജില്ല വിദ്യാഭ്യാസ ആഫീസർക്കു നല്കി പരിശോധിച്ച് റിപ്പോർട്ട് പൊതു വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ചവറ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർ മൈനാഗപ്പള്ളി എസ്.കെ.വി.യു.പി സ്കൂൾ സന്ദർശിച്ച് സമർപ്പിച്ച റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് സമയത്ത് സമർപ്പിച്ച ഹിയറിംഗ് നോട്ടിലെ ഉള്ളടക്കം ശരിയാണെന്നു കണ്ടെത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർ തന്നെ പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിലെ സൂപ്പർ ചെക്ക് ആഫീസർ വിസിറ്റ് നടത്തിയ ദിവസങ്ങളിൽ ഹാജരില്ലാതിരുന്ന കുട്ടികളെ സംബന്ധിച്ച തടസവാദം ഒഴിവാക്കിയിരുന്നു. എന്നാൽ റ്റി.സി. വാങ്ങിപോയ 2 കുട്ടികളെ സംബന്ധിച്ച തടസവാദം മാത്രം നിലനിർത്തി സ്റ്റാൻഡേർഡ് V ലെയും VII ലെയും ഓരോ ഡിവിഷനുകൾ കുറച്ചു. എന്നാൽ ആറാം സാദ്ധ്യായ ദിവസത്തിൽ ക്ലാസ്

റ്റീച്ചറുടെയും പ്രഥമാദ്ധ്യാപകൻ്റെയും മാനേജരുടെയും ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ നിലനിർത്തിയിരുന്ന സ്റ്റാൻഡേർഡ് ഐഷ.ഐ - യേയും സുഹൈൻ.എസ് - നെയും തസ്തിക നിർണ്ണയത്തിനായി കണക്കാക്കിയിട്ടുമില്ല. ഇവരെ സംബന്ധിച്ച് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ടിൽ വിവരിക്കുന്നതിങ്ങനെ "അഞ്ചാം സ്റ്റാൻഡേർഡിലെ ഐഷ.ഐ (അഡ്മിഷൻ നം.7053) സൂഹൈൻ.എസ്സ് (അഡ്മിഷൻ നമ്പർ 7054) എന്നീ കുട്ടികളെ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ടി വിദ്യാർത്ഥികൾ ആറാം പ്രവർത്തി ദിനത്തിൽ ക്ലാസിൽ ഹാജരായിട്ടുണ്ട് എന്നുള്ള ക്ലാസ് റ്റീച്ചറുടെയും പ്രഥമാദ്ധ്യാപകൻ്റെയും സത്യപ്രസ്താവനകൾ പരിശോധിച്ചു. ഈ രണ്ടു കുട്ടികളും ടി സ്കൂളിൽ പഠിച്ചിരുന്നതായി ബോദ്ധ്യപ്പെട്ടു". ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആറാം പ്രവർത്തി ദിവസം ക്ലാസിൽ ഉണ്ടായിരുന്നതും ഡിക്ലറേഷൻ്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നല്കിയിരുന്ന ഐഷയെയും, സുഹൈൽനെയും തസ്തിക നിർണ്ണയത്തിനായി ഉൾപ്പെടുത്തുമ്പോൾ സ്റ്റാൻഡേർഡ് v ലെ കുട്ടികളുടെ എണ്ണം 93 ആകുന്നതും ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തിക നിർണ്ണയ ഉത്തരവിൽ സ്റ്റാൻഡേർഡ് V ൽ അനുവദിച്ചിരുന്ന 4 ഡിവിഷനുകളും നിലനില്ക്കുന്നതുമാണ്.

ചവറ ഉപ ജില്ലയിൽ ഉൾപ്പെട്ട മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് റിവൈസ് ചെയ്യുന്നത് 2019-20 എന്ന അക്കാഡമിക് വർഷം കഴിഞ്ഞ് 3 വർഷത്തിനു ശേഷമാണ്. നിലവിൽ ഉള്ള നിയമ പ്രകാരം ഒരു അക്കാഡമിക് വർഷത്തിൻ്റെ ഏതു കാലഘട്ടത്തിൽ വേണമെങ്കിലും സൂപ്പർ ചെക്ക് ആഫീസർക്ക് വിസിറ്റ് നടത്തി തസ്തിക പുനർനിർണ്ണയിക്കാവുന്നതാണ്. എന്നാൽ അപ്രകാരം അതാതു സ്കൂൾ വർഷം തന്നെ തസ്തിക റിവൈസ് ചെയ്ത് ഉത്തരവ് പുറപ്പൊടുവിക്കേണ്ടതാണ്. സമാനമായ ഒരു കേസിൽ സർക്കാർ 1995-96 വർഷത്തെ കോഴിക്കോട് വൈക്കലശ്ശേരി യു.പി.എസിൻ്റെ തസ്തിക നിർണ്ണയ ഉത്തരവ് 22-12-1998 ൽ റിവൈസ് ചെയ്തത് നിലനിൽക്കുന്നതല്ലെന്ന് 16-11-2000 ലെ G.O.(Rt) No.4620/2000/G.E. നമ്പർ ഉത്തരവിൽ പ്രഖ്യാപിച്ചു. ഉത്തരവിൻ്റെ പ്രസക്ത ഭാഗം ഇങ്ങനെ "Neither Rule 12 E(3) nor rule 16

prescribes time limit for revising the staff fixation of a particular year by the DPI. The above rules do not also pay that DPI can revise the staff fixation orders of a particular year at any time according to his convenience. If there is no time limit the rule making body might have specifically included the word 'at any time' in the rules. Bogus admission of pupil is irregularity. Rule 16 empowers that the Super Check Cell Officer to check the irregularities. And the staff fixation due to irregular bogus admission should be revised during the course of academic year as per rule 15 of Chapter XXIII KER. As seen from the wordings in the Rule the said rule should be applied notwithstanding the other provisions in Rule in Chapter XXIII KER inclusive of Rule 12 E(3) and Rule 16. In the Rule 15 prescribes time limit for revision of staff fixation due to bogus admission and since Rule 12E(3) and Rule 16 do not specifically empower the DPI to revise staff fixation at any time, the proceedings of the DPI dated 22-12-1998 do not sustainable in law.

In the circumstances, Government are pleased to set aside the orders of Director of Public Instruction No.K.Dis. 130/96/K.K.D dated 22-12-1998 and restore 5 divisions and subsequent posts of the Vaikalasseri UPS, Kozhikode abolished by the Director of Public Instruction during 95-96"

05-04-2022 ലെ G.O.(P) NO. 05/2022/GEDN നമ്പർ ഉത്തരവ് S.R.O.No.375/2022 നോട്ടിഫിക്കേഷൻ പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXIII ചട്ടം 16 ൽ വരുത്തിയ ഭേദഗതി ഇങ്ങനെയാണ് :

In rule 16 after the words and symbol "appropriate action in the matter" the following sentence shall be inserted at the end namely,

" The Super Check Officer or Authorized Officer shall conduct such checking at any time during the academic year and the Director shall issue orders on it within the school year itself " ഈ ഉത്തരവ് പ്രകാരമുള്ള ചട്ടഭേദഗതിക്ക് വിരുദ്ധമായി മൈനാഗപ്പള്ളി എസ്.കെ.വി.യു പി.എസിൻ്റെ

**2019-20** വർഷത്തെ തസ്തിക നിർണ്ണയം **3** വർഷം കഴിഞ്ഞ് **2022** ൽ റിവൈസ് ചെയ്യുവാൻ നിർദ്ദേശിച്ചത് ഒരു തരത്തിലും ക്രമപ്രകാരമല്ലാത്തതും നിലനിൽക്കുന്നതുമല്ല **(15-04-2022** ലെ **G.O.(P)No. 05/2022/G.Edn).**

ഈ അവസരത്തിൽ മൈനാഗപ്പള്ളി നോർത്ത് എസ്.കെ.വി.എൽ.പി.എസിലെ **2019-20** വർഷത്തെ തസ്തിക നിർണ്ണയം റ്റി.സി വാങ്ങിപ്പോയ കുട്ടികളെ ഒഴിവാക്കി റിവൈസ് ചെയ്ത **06-06-2023** ലെ ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ്റെ ഉത്തരവിനെതിരെ റിവിഷൻ അപ്പീൽ ഫയൽ ചെയ്ത് പ്രസ്തുത റിവിഷൻ സമയബന്ധിതമായി പരിശോധിച്ച് ഉത്തരവുണ്ടാകാൻ നിർദ്ദേശിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹു. കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷൻ നമ്പർ **11200/2025** ൻ്റെ **20-03-2025** ലെ വിധിന്യായത്തിൽ മാനേജരുടെ റിവിഷൻ അപ്പീൽ **4** മാസത്തിനകം തീർപ്പാക്കാൻ നിർദ്ദേശിച്ചുകൊണ്ട് ബഹു. ഹൈക്കോടതിയുടെ കണ്ടെത്തൽ ഇങ്ങനെ **"The petitioner would urge that the last sentence of Rule 16 Chapter XXIII states that the Super Check Officer or Authorized Officer shall conduct such checking at any time during the Academic Year and Director shall issue orders on it within the School Year itself. Therefore, undoing of Expt.1 after three years is without the authority of law."** ഇപ്രകാരം **2019-20** ലെ തസ്തിക നിർണ്ണയ ഉത്തരവ് **2019-20** എന്ന സ്കൂൾ വർഷം കഴിഞ്ഞ് **3** വർഷത്തിനുശേഷം റിവൈസ് ചെയ്ത് ഇറക്കിയ ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ്റെ ഉത്തരവ് **without authority of law** എന്ന് ബഹു കേരള ഹൈക്കോടതി വിധിച്ചതിൻ്റെ പരിധിയിൽ വരുന്നു.

മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ റിവിഷൻ ഹർജി അനുവദിച്ച് ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ്റെ ഉത്തരവ് റദ്ദ് ചെയ്ത് **2019-20** വർഷം ചവറ ഉപ ജില്ല വിദ്യാഭ്യാസ ആഫീസർ അനുവദിച്ച സ്റ്റാൻഡേർഡ് **v** ലെ **4** ഡിവിഷനുകളും **VI** ലെ യും **VII** ലെയും **3** വീതം ആകെ **10** ഡിവിഷനുകളും അനുബന്ധ തസ്തികകളും നിലനിർത്തി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**3.ചവറ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു .**

മൈനാഗപ്പള്ളി എസ്.കെ.വി.യു.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജിസ്കൂളിലെ സമന്വയ ഓൺലൈൻ പോർട്ടലിൽ ലഭ്യമായിട്ടുള്ള **2019-2020** ലെ തസ്തിക നിർണ്ണയ ഉത്തരവിൻ്റെ ഫയൽ പരിശോധിച്ചതിൽ അഡ്മിഷൻ നമ്പർ **7053, 7054** ആയി സ്കൂളിൽ പ്രവേശനം നൽകിയിട്ടുള്ള കുട്ടികൾ ചുവടെ പറയുന്നവരാണ്.

**7053 ARUSHI P NAIR 18/10/2008 Male Hindu, nair**

**7054 ARJUN GOPAL PB 13/10/2007 Male Hindu, viswakarma OBC**

എന്നാൽ **16-10-2021** ൽ **C/1268/2021** കത്ത് പ്രകാരം ചവറ, **AEO** പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, അഞ്ചാം സ്റ്റാൻഡേർഡിലെ ഐഷ. ഐ. (അഡ്മിഷൻ നം. **7053**), സുഹൈൻ. എസ്. (അഡ്മിഷൻ നം.**7054**) എന്നീ കുട്ടികളെ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും, ടി വിദ്യാർത്ഥികൾ ആറാം പ്രവൃത്തി ദിനത്തിൽ ക്ലാസ്സിൽ ഹാജരായിട്ടുണ്ട് എന്നുള്ള ക്ലാസ്സ് ടീച്ചറുടെയും പ്രഥമാധ്യാപകന്റെയും സത്യപ്രസ്താവനകൾ പരിശോധിച്ചു എന്നും ഈ രണ്ട് കുട്ടികളും ടി സ്കൂളിൽ പഠിച്ചിരുന്നതായി ബോധ്യപ്പെട്ടുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

**2019-2020** വർഷം ഒരേ അഡ്മിഷൻ നമ്പറിൽ രണ്ട് കുട്ടികൾക്ക് വീതം പ്രവേശനം നൽകിയതായി കണ്ട സാഹചര്യത്തിൽ അതിൻ്റെ നിജസ്ഥിതി നേരിട്ട് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ **07-10-2025** ൽ ടി സ്കൂളിൽ നേരിട്ട് സന്ദർശനം നടത്തി **2019-2020** ലെ അഡ്മിഷൻ രജിസ്റ്റർ, അഞ്ചാം ക്ലാസ്സിലെ കുട്ടികളുടെ ഹാജർ ബുക്കുകൾ, മേൽ പറഞ്ഞ നാല് കുട്ടികളുടെയും പ്രവേശന അപേക്ഷ ഫോറം, റ്റി.സി എന്നിവ നേരിൽ പരിശോധിക്കുകയും ചെയ്തതിൽ നിന്നും ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ പറയും പ്രകാരമാണ്.

**2019-2020** വർഷം ആറാം സാധ്യായ ദിവസം സമ്പൂർണ്ണയിൽ എൻട്രി ചെയ്യപ്പെട്ട വിവരങ്ങൾ ഫ്രീസ് ചെയ്ത് പ്രസ്തുത വിവരങ്ങൾ സമന്വയയിലേക്ക് സിങ്ക് ചെയ്തുകൊണ്ടാണ് **2019-2020** ലെ തസ്തിക നിർണ്ണയം സമന്വയ ഓൺലൈൻ പോർട്ടൽ മുഖേന പൂർത്തീകരിച്ച് ഉത്തരവ് നൽകിയിട്ടുള്ളത്.

അതിനാൽ ആറാം സാധ്യായ ദിവസത്തിന് ശേഷം സമ്പൂർണ്ണയിലെ വിവരങ്ങളിൽ വരുത്തുന്ന മാറ്റം തസ്തിക നിർണ്ണയത്തിന് പരിഗണിക്കപ്പെടുന്നതുമല്ല. മൈനാഗപ്പള്ളി എസ്.കെ.വി.യു.പി. സ്കൂളിന്റെ സംഗതിയിൽ, സമന്വയ ഓൺലൈൻ പോർട്ടലിൽ ലഭ്യമായിട്ടുള്ള ടി സ്കൂളിന്റെ **2019-2020** ലെ തസ്തിക നിർണ്ണയ ഉത്തരവിൻ്റെ ഫയൽ പരിശോധിച്ചതിൽ അഡ്മിഷൻ നമ്പർ **7053, 7054** ആയി സ്കൂളിൽ പ്രവേശനം നൽകിയിട്ടുള്ള കുട്ടികൾ ചുവടെ പറയുന്നവരാണ്.

**7053 ARUSHI P NAIR 18/10/2008 Male Hindu, nair**

**7054 ARJUN GOPAL PB 13/10/2007 Male Hindu**

**2019-2020** വർഷം ആറാം സാധ്യായ ദിവസം സമ്പൂർണ്ണയിൽ എൻട്രി ചെയ്യപ്പെട്ട കുട്ടികളുടെ അഡ്മിഷൻ വിവരങ്ങളിൽ ചുവടെ പറയും പ്രകാരമുള്ള മാറ്റങ്ങൾ പിന്നിട് വരുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | അഡ്മിഷൻ നമ്പർ | കുട്ടിയുടെ പേര് | വരുത്തിയ മാറ്റം |
|---|---|---|---|
| **1** | **7013** | അർജുൻ ഗോപാൽ. പി.ബി. | **7054** ൽ നിന്നും **7013** ആക്കി മാറ്റി |
| **2** | **7017** | അരുഷി. പി. നായർ | **7053** ൽ നിന്നും **7017** ആക്കി മാറ്റി. |
| **3** | **7053** | ഐഷ. ഐ. | പുതുതായി ഉൾപ്പെടുത്തി. |
| **4** | **7054** | സുഹൈൽ. എസ്. | പുതുതായി ഉൾപ്പെടുത്തി. |

അഞ്ചാം സ്റ്റാൻഡേർഡിലെ ഐഷ. ഐ. (അഡ്മിഷൻ നം.**7053**), സുഹെൻ.എസ്. (അഡ്മിഷൻ നം.**7054**) എന്നീ കുട്ടികളെ **2019-2020** അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിൽ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നതിനാലും, സ്കൂളിലെ അഡ്മിഷൻ രജിസ്റ്ററിൽ അഡ്മിഷൻ നം.**7012** മുതൽ ഒരുപാട് തിരുത്തലുകൾ വരുത്തിയതായി കാണുന്നതിനാലും കെ.ഇ.ആർ. അധ്യായം **XXIII** ചട്ടം **12** ലെ വ്യവസ്ഥകൾ പ്രകാരവും, നിലവിലുള്ള സർക്കാർ

ഉത്തരവുകൾ പ്രകാരവും ടി കുട്ടികളെ **2019-2020** ലെ തസ്തിക നിർണ്ണയത്തിനായി പരിഗണിക്കാൻ കഴിയില്ല.

**4.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദം ഏതാണ്ട് താഴെ പറയും പ്രകാരമായിരുന്നു :**

കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസ് ൽ **2019-20** ലെ വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട് **25.11.2019, 11.02.2020** തീയതികളിൽ സൂപ്പർ ചെക്ക് പരിശോധന നടത്തുകയുണ്ടായി. രണ്ടു പരിശോധനകളിലുമായി പൊതുവായി **11** കുട്ടികൾ ഹാജർ ഉണ്ടായിരുന്നില്ല. **2** കട്ടികൾക്ക് റ്റി.സി. നൽകിയിട്ടുണ്ട്. പൊതുവായി ഹാജരാകാതിരുന്ന **11** കുട്ടികളേയും വ്യാജ റ്റി.സി. എന്ന് കണ്ടെത്തിയ **2** കുട്ടികളെയും ചേർത്ത് **13** കുട്ടികളെ ഒഴിവാക്കി **2019-20** ലെ ഡിവിഷനുകൾ പുനർനിർണ്ണയിക്കുമ്പോൾ **5,6,7** ക്ലാസ്സുകളിലായി ഓരോ ഡിവിഷനുകളും അനുബന്ധമായുള്ള മൂന്ന് യു.പി.എസ്.റ്റി. തസ്തികകളും കുറവ് വരുത്തുന്നതിനു താൽക്കാലികമായി തീരുമാനിക്കുകയും, അതോടൊപ്പം കൃത്രിമ രേഖകൾ ചമച്ച് വ്യാജ അഡ്മിഷൻ നടത്തിയ സ്കൂൾ പ്രഥമാധ്യാപികയ്ക്കെതിരേയും നടപടി സ്വീകരിക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കാനും ആവശ്യപ്പെടുകയുണ്ടായി. ഇതേ തുടർന്ന് **31.03.2021** ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) നടത്തിയ ഹിയറിംഗിന്റെയും ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിൻ്റെയും അടിസ്ഥാനത്തിൽ **V. VII** ക്ലാസ്സുകളിലെ വ്യാജ അഡ്മിഷൻ എന്ന് പരിശോധനയിൽ കണ്ടെത്തിയ കുട്ടികളെ ഒഴിവാക്കി **2019-20** ലെ തസ്തിക നിർണ്ണയ ഉത്തരവ് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം **23** ചട്ടം **12** ഇ**(3)** ചട്ടം **16** എന്നിവയിലെ അധികാരം വിനിയോഗിച്ച് താഴെപ്പറയും പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവായിരുന്നു.

| ക്ലാസ്സുകൾ | V | VI | VII | Total |
|---|---|---|---|---|
| ആറാം സാധ്യായ ദിനത്തിലെ ഇഫക്ടീവ് സ്ട്രെങ്ത് **2019-20** | | | | |
| വ്യാജ റ്റി.സി എന്ന് കണ്ടെത്തിയവ | | | | |

| | | | | |
|---|---|---|---|---|
| [illegible] | | | | |
| വിദ്യാർത്ഥികളുടെ യഥാർത്ഥ എണ്ണം | | | | |
| അനുവദനീയ ഡിവിഷനുകൾ | | | | |
| അനുവദിച്ച ഡിവിഷനുകൾ | | | | |
| അധിക ഡിവിഷനുകൾ | | | | |

മേൽ പട്ടിക പ്രകാരം **2019-20** ൽ **V, VII** ക്ലാസ്സുകളിലായി ഒരു ഡിവിഷൻ വീതം കുറയുമെന്നതിനാൽ അതേ തുടർന്ന് അനുവദിച്ച **2** യു.പി.എസ്.റ്റി. തസ്തികകളും റദ്ദ് ചെയ്തിട്ടുള്ളതും, അതനുസരിച്ചുള്ള തുടർ നടപടികൾ ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കേണ്ടതാണെന്ന നിർദേശം നൽകി ഉത്തരവാകുകയുമുണ്ടായി.

സംസ്ഥാനത്ത് അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ടും പരമാവധി അധ്യാപകർക്ക് സംരക്ഷണം അനുവദിച്ചുകൊണ്ടും സർക്കാർ ഉദാര സമീപനം കാട്ടിയിട്ടും കൃത്രിമ മാർഗത്തിലൂടെ ഡിവിഷനും തസ്തികകളും നേടി എടുക്കുന്നത് ഗൗരവത്തോടെ കാണേണ്ടതുണ്ട്. അനധികൃതമായി ഡിവിഷനുകളും തസ്തികകളും സൃഷ്ടിക്കുന്നതിനായി സ്കൂളിൽ പഠിക്കാത്ത കുട്ടികളുടെ വിവരങ്ങൾ രേഖകളിൽ ചേർക്കുകയും ആറാം സാധ്യായ ദിവസത്തിനു ശേഷം അവരെ നീക്കം ചെയ്യുകയോ റ്റി.സി. നൽകിയതായി രേഖ ഉണ്ടാക്കുകയോ പോലുള്ള ക്രമക്കേടുകൾ ഉണ്ടാകാൻ പാടില്ല എന്ന് എല്ലാ വർഷവും മുന്നറിയിപ്പ് നൽകാറുള്ളതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ അവഗണിച്ചാണ് മൈനാഗപ്പള്ളി എസ്.കെ.വി.യു.പി സ്ക്കൂളിൽ വിദ്യാർത്ഥി പ്രവേശനം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ആയതിനാൽ വ്യാജ അഡ്മിഷൻ മുഖേന വിദ്യാർത്ഥികൾക്കുള്ള ഉച്ച ഭക്ഷണം, പുസ്തകങ്ങൾ, യൂണിഫോം, സ്കോളർഷിപ്പുകൾ, അധ്യാപകരുടെ ശമ്പളം തുടങ്ങിയ ഇനത്തിൽ സർക്കാരിന് നഷ്ടമായ തുക അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ ചവറ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കേണ്ടതാണെന്നും, വ്യാജ അഡ്മിഷന് ഉത്തരവാദികളായ പ്രഥമാധ്യാപിക, വ്യാജ അഡ്മിഷൻ റോളിൽ തുടരാൻ സഹായിച്ച ക്ലാസ്സ് അധ്യാപകർ എന്നിവർക്കെതിരെ കേരള വിദ്യാഭ്യാസ നിയമം **1958** സെഷൻ **12** എ പ്രകാരം കൊല്ലം വിദ്യാഭ്യാസ

ഉപഡയറക്ടർ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും **31.10.2022** ലെ നടപടി ഉത്തരവ് നം.എസ്.സി**(1)/26540/2019**/ഡിജിഇ പ്രകാരം നിർദേശം നല്കിയിട്ടുള്ളതുമാണ്.

**5.**സർക്കാർ ഈ വിഷയം ഹിയറിംങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസിൽ **2019** വർഷത്തെ പ്രകാരം **10** ഡിവിഷനുകളും അനുബന്ധ തസ്തികളും അനുവദിച്ചിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ ജനറലിന്റെ കാര്യാലയത്തിലെ സൂപ്പർ ചെക്ക് ഓഫീസർ **25.11.2019, 11.02.2020** എന്നീ തീയതികളിൽ മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസിൽ നടത്തിയ പരിശോധനകളിൽ ആറാം അധ്യയന ദിവസത്തിനു ശേഷം ടി.സി നൽകിയ (സ്റ്റാൻഡേർഡ് **5** ൽ നിന്നും ടി.സി. വാങ്ങിപ്പോയ എസ്. ഫാത്തിമ, സ്റ്റാൻഡേർഡ് **7**ൽ നിന്നും കെ.ജി.സാന്ദ്ര) രണ്ടു കുട്ടികളെയും വ്യാജമെന്ന് കണ്ടെത്തി തസ്തിക നിർണയത്തിൽ നിന്നും ഒഴിവാക്കി. കൂടാതെ ക്ലാസ് അധ്യാപികയുടെയും പ്രഥമാധ്യാപകന്റെയും മാനേജരുടെയും ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ ആറാം പ്രവർത്തി ദിവസത്തിൽ ക്ലാസ്സിൽ ഉണ്ടായിരുന്നതും സൂപ്പർ ചെക്ക് പരിശോധനയുടെ രണ്ടാം ദിവസവും ഹാജർ ഉണ്ടായിരുന്നതുമായ ഐഷാ.ഐ എന്ന കുട്ടിയെയും സുഹൈൻ.എസ് എന്ന കുട്ടിയെയും കണക്കാക്കാതെയും തസ്തിക നിർണയിച്ച് അഞ്ചും ഏഴും ഉണ്ടായിരുന്ന ഓരോ ഡിവിഷനുകൾ അബോളിഷ് ചെയ്ത് രണ്ട് യു.പി.എസ്.ടി. തസ്തിക കുറവ് വരുത്തി. ടി.സി. വാങ്ങിപ്പോയ രണ്ടു കുട്ടികളെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എടുത്തിരിക്കുന്ന നിലപാട് ശരിയാണ് എന്ന് കാണാം. എന്നാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പറയും പ്രകാരം അഞ്ചാം സ്റ്റാൻഡിലെ ഐഷ. ഐ, സുഹൈൻ.എസ് എന്നിവർ ഈ സ്കൂളിൽ പഠിച്ചിരുന്നതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ ടി കുട്ടികൾ ആറാം പ്രവർത്തി ദിനത്തിൽ ഹാജർ ഉണ്ടായിരിക്കുകയും ക്ലാസ് ടീച്ചറുടെയും പ്രഥമാധ്യാപകന്റെയും സത്യപ്രസ്താവനകൾ പരിശോധിച്ചു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഈ കുട്ടികളെ ഉൾപ്പെടുത്തി

സ്റ്റാൻഡേർഡ് 5 ലെ കുട്ടികളുടെ എണ്ണം 93 ആകുന്നതും അപ്രകാരം സ്റ്റാൻഡേർഡ് 5 അനുവദിച്ചിരിക്കുന്ന നാല് ഡിവിഷനുകളും നിലനിൽക്കുന്നതുമാണ് എന്നാണ് മാനേജരുടെ വാദത്തിൽ പറയുന്നത്.

6.മേൽ സാഹചര്യത്തിൽ, അഞ്ചാം സ്റ്റാൻഡേർഡിലെ ഐഷ ഐ. (അഡ്മിഷൻ നം. 7053), സുഹൈൻ എസ്. (അഡ്മിഷൻ നം. 7054) എന്നീ കുട്ടികളെ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും, ടി വിദ്യാർത്ഥികൾ ആറാം പ്രവൃത്തി ദിനത്തിൽ ക്ലാസ്സിൽ ഹാജരായിട്ടുണ്ട് എന്നുള്ള ക്ലാസ്സ് ടീച്ചറുടെയും പ്രഥമാധ്യാപകന്റെയും സത്യപ്രസ്താവനകൾ പരിശോധിച്ചു എന്നും ഈ രണ്ട് കുട്ടികളും ടി സ്കൂളിൽ പഠിച്ചിരുന്നതായി ബോധ്യപ്പെട്ടുവെന്നും വിദ്യാഭ്യാസ ഓഫീസർമാർ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡേർഡ് V ൽ അഡ്മിറ്റ് ചെയ്തിരുന്ന ഐഷ ഐ, സുഹൈൻ എസ് എന്നീ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി 2019-2020 വർഷത്തെ ടി സ്കൂളിന്റെ തസ്തിക പുനർ നിർണ്ണയം നടത്താവുന്നതാണെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി അപ്രകാരം മൈനാഗപ്പള്ളി യു.പി. സ്കൂൾ മാനേജർ ബഹു ഹൈ കോടതിയിൽ ഫയൽ ചെയ്ത WP(C)No.11013/2025 - ലെ 20.03.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എആന്‍റ് ഇ/ആഡിറ്റ്), തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചവറ

മാനേജർ, മൈനാഗപ്പള്ളി യു.പി. സ്കൂൾ

പൊതുവിദ്യാഭ്യാസ (ജെ എ) വകുപ്പ് , (GE- JA1/316/2025-GEDN dtd,16.12.2025)

വിവര പൊതുജന സമ്പർക്ക (വെബ്&മീഡിയ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 14-01-2026 11:10:21

സെക്ഷൻ ഓഫീസർ